# കേരള സംസ്ഥാന ഫാർമസി കൗൺസിൽ

## തിരുവനന്തപുരം

കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രേഡ് ഫാർമസിസ്റ്റുകൾക്കായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കേരളത്തിലെ എല്ലാ ജില്ലകളിലും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2.30 വരെ അദാലത്ത് സംഘടിപ്പിക്കുന്നു. 2021 ഒക്ടോബർ മാസം 20ന് കാസർഗോഡ് മുതൽ 2021 നവംബർ മാസം 15ന് തിരുവനന്തപുരത്ത് സമാപിക്കുന്ന അദാലത്ത് മൂന്നു ഘട്ടമായിട്ടാണ് സംഘടിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

**ആദ്യഘട്ടം** : ഒക്ടോബർ 20ന് കാസർഗോഡ് (പി. സ്മാരക ഹാൾ, കാഞ്ഞങ്ങാട്), 21ന് കണ്ണൂർ (ജവഹർ ലൈബ്രറി ഹാൾ), 22ന് വയനാട് (കളക്ട്രേറ്റ് ഹാൾ, കൽപ്പറ്റ), 23ന് കോഴിക്കോട് (EMS സ്മാരക മുൻസിപ്പൽ ടൗൺ ഹാൾ, കൊയിലാണ്ടി), 24ന് മലപ്പുറം (ജില്ലാ പഞ്ചായത്ത് ഹാൾ).

**അദാലത്തിൽ രജിസ്ട്രേഡ് ഫാർമസിസ്റ്റുമാർക്ക് താഴെപറയുന്ന സേവനങ്ങൾ ലഭ്യമാകും.**

1. പെൻഷൻ പദ്ധതിയിൽ ചേരാനും പദ്ധതിയെകുറിച്ച് വിശദമായ കാര്യങ്ങൾ അറിയാനും കഴിയും. പദ്ധതിയിൽ ചേരാൻ ആഗ്ഹിക്കുന്നവർ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ (ആധാർ, വോട്ടർ ഐഡി കാർഡ് കോപ്പി, ബെങ്ക് പാസ്സ്ബുക്ക് മുൻ പേജിന്റെ കോപ്പി എന്നിവ കരുതണം.

2. സർവ്വീസ് ബുക്ക് ലഭിക്കുന്നതിന് 16–10–21നകം ഓൺലൈനായി ഫീസ് അടയ്ക്കുന്നവർ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയുമായി അദാലത്ത് കേന്ദ്രത്തിൽ എത്തിയാൽ അപ്പോൾ തന്നെ സർവ്വീസ് ബുക്ക് ലഭിക്കും.

3. ഐഡി കാർഡ് പുതുക്കൽ

4. ദീർഘകാലമായി രജിസ്ട്രേഷൻ പുതുക്കൽ മുടങ്ങിയിട്ടുള്ളവരുടെ രജിസ്ട്രേഷൻ പുതുക്കൽ

5. സർട്ടിഫിക്കറ്റ് മാറ്റി ലഭിക്കാനുള്ള നടപടികൾ

6. ഡ്യൂപ്ലിക്കറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ

7. അഡീഷണൽ ക്വാളിഫിക്കേഷൻ ചേർക്കാനുള്ള നടപടികൾ

8. ഫാർമസി കൗൺസിൽ ജേർണൽ വരിക്കാരാകാം.

9. Rx ചിഹ്നം പതിച്ച സ്റ്റിക്കർ, ഐഡി കാർഡ് തൂക്കിയിടുന്നതിനുള്ള ടാഗ്, കാറിലും ബൈക്കിലും പതിക്കുന്ന സ്റ്റിക്കറുകളും അദാലത്ത് കേന്ദ്രങ്ങളിൽ ലഭ്യമാകും.

10. സംസ്ഥാന ഫാർമസി കൗൺസിലുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾ പരിഗണിക്കുന്നതായിക്കും.